**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4955** **20-07-2022 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.ടി. ഇംഗ്ലീഷ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 അധ്യയന വർഷം മുതൽ സർക്കാർ ഹൈസ്കൂളുകളിൽ എച്ച്.എസ്.ടി. ഇംഗ്ലീഷ് തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി 10.08.2021ൽ പുറപ്പെടുവിച്ച W.P(C)23159/2018 നമ്പർ വിധി നടപ്പാക്കാത്തത് മൂലം സർക്കാർ ഇപ്പോൾ കോടതി അലക്ഷ്യ നടപടികൾ നേരിടുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത വിധിയുമായി ബന്ധപ്പെട്ട് സർക്കാർ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സർക്കാർ വാദങ്ങൾ മുഴുവൻ പരിഗണിക്കപ്പെട്ടില്ല എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്യാൻ തുടക്കത്തിൽ തീരുമാനിച്ചത്. |
| (സി) | ഈ വിധി 2022-23 അധ്യയന വർഷം തന്നെ നടപ്പിലാക്കുമോ; | (സി) | വിധി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | പ്രസ്തുത വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മറ്റ് ഭാഷാ വിഷയങ്ങളെ പോലെ പീരീഡ് അടിസ്ഥാനത്തിൽ തസ്തിക സൃഷ്ടിക്കുമ്പോൾ സർക്കാർ ഹൈസ്കൂളിൽ ആകെ എത്ര തസ്തികകൾ സൃഷ്ടിക്കേണ്ടി വരുമെന്ന് ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ? | (ഡി) | പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ